## മുഖവുര

ആധുനിക ഇന്ത്യയുടെ മഹത്തായ അഭിമാനം അത് ലോകത്തിലെ വലിയരാജ്യമാണ് എന്നത് മാത്രമല്ല തൃണമൂൽ തലസ്ഥാപനവൽക്കരണം അതിനെ ഏറ്റവും ചലനാത്മകമായ ജനാധിപത്യമാക്കി എന്നതുമാണ്. പ്രാദേശിക സംസ്ഥാന - ദേശീയ തലങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ ജനപ്രതിനിധികളുടെ വലിയൊരു നിരയെ അത് ഇന്ത്യൻ ജനതക്ക് നൽകി. ജനപങ്കാളിത്തത്തിന്റെ പ്രാതിനിധ്യ സ്വഭാവവും സ്വാതന്ത്ര്യവും കാത്തുസൂക്ഷിക്കാൻ ദേശീയതലത്തിൽ നിയമാനുസൃതമായ അധികാരം നൽകിയിരിക്കുന്നത് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

ജനാധിപത്യത്തിന്റെ ആരോഗ്യത്തിന്റെ അടിസ്ഥാനം സുതാര്യതയും ജനങ്ങളോടുള്ള ഉത്തരവാദിത്വവുമാണ് . ഭരണഘടനയുടെ ആർട്ടിക്കിൾ 364 അനുസരിച്ച് സൃഷ്ടിക്കപ്പെട്ട ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ 2005 ലെ വിവരാവകാശ നിയമത്തിന്റെ നിബന്ധനകൾക്ക് വിധേയമായി പൗരസമൂഹങ്ങളുമായി സംവദിച്ച് പ്രവർത്തിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്. സുതാര്യതയിലൂടെ ജനങ്ങളോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്ന ഒരു ഭരണകൂടത്തിന്റെ സൃഷ്ടിക്ക് പ്രേരണനൽകുന്ന വിവരാവകാശ നിയമം ഉദാത്തമായ ദേശീയ പ്രതിബദ്ധതയുടെ ബഹിസ്ഫുരണമാണ്. ഈ പ്രതിബദ്ധത എല്ലാ രീഷ്ട്രീയ കക്ഷികളുംപങ്കുവെക്കുന്നു എന്നതിലും ഭരിക്കാത്ത കക്ഷിയുടെ തെരഞ്ഞെടുപ്പ് പ്രകടന പ്രക്രിയയിൽ ഇടംപിടിച്ചു എന്നതിലും അത്ഭുതത്തിന് വകയില്ല. ആശങ്കയുളവാക്കുന്ന പ്രശ്നങ്ങൾ സർക്കാറിന്റെയും ജനങ്ങളുടെയും ശ്രദ്ധയിൽ പെടുത്താൻ പൗരസമൂഹം എന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ കൂടെ നിൽക്കാറുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന EVM, VVPAT യന്ത്രങ്ങളുടെ പ്രവർത്തനത്തെ പറ്റി പഠിച്ചുതയ്യാറാക്കിയ റിപ്പോർട്ടിനെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

ഈ റിപ്പോർട്ടിന്റെ ആമുഖത്തിൽ വ്യക്തമാക്കിയതുപോലെ നമ്മുടെ രാജ്യത്തിന്റെ ഭരണസംവിധാനത്തെ ഇന്ന് കാണുന്ന നിലയിൽ എത്തിക്കാൻ തങ്ങളുടെ ജീവിതവൃത്തിയുടെ ഭാഗമായി വലുതും ചെറുതുമായ പങ്ക് വഹിച്ചവരാണ് ഞങ്ങളുടെ സംഘാംഗങ്ങൾ. ഞങ്ങളുടെ ഓരേയൊരു പ്രമാണഗ്രന്ഥം ഇന്ത്യൻ ഭരണഘടനയാണ്. അതുകൊണ്ട് 2019 ലോകസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ തന്നെ നിഷ്പക്ഷതയെക്കുറിച്ച് ഉയർന്ന സംശയങ്ങൾ ഞങ്ങളുടേയും ആശങ്കാകുലരാക്കുന്നു. കാരണം തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശക്തി നിഷ്പക്ഷതയാണ്. നിഷ്പക്ഷത പാലിക്കുന്നതിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ പരാജയപ്പെട്ടു എന്നതിനോടൊപ്പം ഈ കാര്യം ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ നിർബന്ധിതരായ കൂട്ടായ്മകളിൽ പെട്ട സംഘടനകളാണ് അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിപ്പോർട്ടാണ്. മുൻ സർക്കാർ ഉദ്യോഗസ്ഥർ അംഗങ്ങളായ കോൺസ്റ്റിറ്റ്യൂഷനൽ കോൺഡക്ട് ഗ്രൂപ്പ് , ഫോറം ഫോർ ഇലക്റ്ററൽ ഇന്റഗ്രിറ്റി എന്നിവ മാതൃകാപരമായ ചട്ടം ശിക്ഷാഭയമില്ലാത്ത രീതിയിൽ ലംഘിക്കപ്പെടുന്നതിലുള്ള ഉൽക്കടമായ ആശങ്ക പങ്കിടാൻ കുറെ രാഷ്ട്രീയ കക്ഷികളും മുഖ്യധാരാ മാധ്യമങ്ങളും,ഡിജിറ്റൽ മാധ്യമസ്ഥാപനങ്ങളും ഞങ്ങളോടൊപ്പം ചേർന്നിരുന്നു.

ഉത്തരവാദിത്വമുള്ള പത്രങ്ങൾ ചൂണ്ടിക്കാട്ടിയ പ്രകടമായ വൈകല്യങ്ങളുടെ കാര്യത്തിൽ പ്രതികരിക്കാതെ വിമർശകരെ ബോധ്യപ്പെടുത്താനോ സ്വയം ന്യായീകരിക്കാനോ യാതൊരു ശ്രമവും തെരഞ്ഞെടുപ്പ് കമ്മീഷൻ നടത്തിയില്ല. തെറ്റുകൾ ചൂണ്ടിക്കാട്ടിയവരിൽ പലരും തെരഞ്ഞെടുപ്പ് നടത്തി പരിചയമുള്ള റിട്ടയേർഡ് ഉദ്യോഗസ്ഥരുമായിരുന്നു. ഈ സാഹചര്യത്തിലാണ് തെരഞ്ഞെടുപ്പിന്റെ നിർണ്ണായക വശങ്ങളെക്കുറിച്ച് പഠിക്കാനും ആവശ്യമെങ്കിൽ വിദഗ്ദരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഉചിതമായ നിർദ്ദേശങ്ങൾ മുന്നോട്ട് പോകാനും, ജനകീയ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിച്ചത്. ഇന്ത്യൻ ഭരണഘടനാ സംവിധാനം എങ്ങിനെ സാധിക്കണമെന്നും ഇന്ത്യൻ റിപ്പബ്ലികിന്റെ അന്തസ്സിന് നിരക്കുന്ന തെരഞ്ഞെടുപ്പ് എങ്ങിനെ നടത്തണമെന്നും തീരുമാനിക്കുന്ന കാര്യത്തിൽ അവസാന വാക്ക് പറയേണ്ട ഇന്ത്യൻ പൗരന്മാരുടെ പരിഗണനക്കായി ഈ റിപ്പോർട്ടുകൾ പൊതുമണ്ഡലത്തിൽ അവതരിപ്പിക്കുകയാണ്.

EVM, VVPAT യന്ത്രങ്ങളുടെ സുതാര്യത, പരിശോധനക്ഷമത എന്നിവ പരിശോധിച്ച് തയ്യാറാക്കിയ ആദ്യ വിഷയ റിപ്പോർട്ട് പൂർത്തിയായി കഴിഞ്ഞു. ജനകീയ തെരഞ്ഞെടുപ്പ് കമ്മീഷനിലെ അംഗങ്ങളാണ് EV യന്ത്രത്തിന്റെ പ്രവർത്തനം ജനാധിപത്യ തത്വങ്ങളുമായി എത്രത്തോളം പൊരുത്തപ്പെടുന്നു എന്നു പരിശോധന നടത്തിയത്. ഇഷ്ടമുള്ള സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുന്നതിലും ആർക്ക് രേഖപ്പെടുത്തുന്നതിലും എണ്ണിയ വോട്ടുകൾ തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുന്നതിലും ഒരു തരത്തിലുള്ള കൃത്രിമവും സംഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിനും എല്ലാ നടപടികളും സുതാര്യമായിരിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്.

ഒരാൾ ചെയ്ത വോട്ടിന്റെ കാര്യത്തിൽ തെറ്റ് വരാനോ തെറ്റായി വ്യാഖ്യാനിക്കപ്പെടാനോ ഒരു പഴുതും ഉണ്ടാകാൻപാടില്ല. ഞങ്ങളുടെ വീക്ഷണത്തിൽ അങ്ങനെ ചെയ്യുന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ സത്തയുടെ നിരാകരണവും ഭരണഘടനയെ ദുർബലപ്പെടുത്തലുമാണ് വോട്ട് കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ ദേശീയ അന്തർ ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട വിദഗ്ദരുടെ അഭിപ്രായമാണ് ഞങ്ങൾ അടിസ്ഥാനമാക്കിയത്. ലോകത്തിലെ ഏറ്റവും വികസിതവും വിവരസാങ്കേതിക വിദ്യയിൽ മുന്നിലുള്ളുതുമായ രാജ്യങ്ങൾ ആദ്യം ആവേശം കാട്ടിയെങ്കിലും പിന്നീട് എന്തുകൊണ്ട് EV യന്ത്രങ്ങൾ ഒഴിവാക്കി എന്നതിന്റെ കാരണം വിദഗ്ദർ വിശദീകരിക്കുന്നുണ്ട്. ജനാധിപത്യസംരക്ഷണത്തിനുള്ള മുൻകരുതലെടുക്കാനും സാങ്കേതിക വിദ്യയുടെ സ്ഫോടനത്തിൽ ജനാധിപത്യത്തിന്റെ പരിരക്ഷ ഉറപ്പ് വരുത്താനും ഇന്ത്യൻ ജനതക്ക് മാത്രമല്ല ലോകത്തെമ്പാടുമുള്ള ജനങ്ങൾക്കായി ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഞങ്ങൾ സമർപ്പിക്കുന്നു.

മദൻ.ബി.ലോക്കർ

വജാഹത്ത് ഹബീബുള്ള

## ജനാധിപത്യ സംരക്ഷണം ഇന്ത്യൻ തിരഞ്ഞെടുപ്പ് സംവിധാനത്തെ കുറിച്ചുള്ള അന്വേഷണം

### ആമുഖം

**എം ജി ദേവസഹായം**

അന്താരാഷ്ട്ര നിരീക്ഷണ ഏജൻസികൾ ഏതാനും വർഷങ്ങളായി ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ചു ചോദ്യങ്ങളുയർത്താൻ തുടങ്ങിയിട്ടുണ്ട്. എക്കണോമിസ്റ് ഗ്രൂപ്പ് എന്ന ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയുടെ അന്വേഷണ വിഭാഗം 2019 ലെ ജനാതിപത്യ സൂചിക പ്രസിദ്ധീകരിച്ചപ്പോൾ ഇന്ത്യ 10 സ്ഥാനങ്ങൾ കുറഞ്ഞു 51 ാം സ്ഥാനത്താണ് . ഇതൊരു വലിയ പതനമാണ് . ഈ സൂചിക ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത് കളങ്കിത ജനാതിപത്യം എന്ന പട്ടികയിലാണ് .

2019 ലെ ലോകസഭാ തിരഞ്ഞെടുപ്പോടെ സ്ഥിതി കുറെ കൂടി വഷളായിരുന്നു. ഹോത്തൻ ബർഗ് സർവകലാശാലയുടെ ഭാഗമായ വിഡെ ഇൻസ്റ്റിറ്റ്യൂട്ട് 2020 ലെ ജനാതിപത്യ റിപ്പോർട്ടിൽ സ്വേച്ചാതിപത്യത്തിലേക്ക് വേഗത്തിൽ വഴുതിക്കൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിലാണ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത് . അതിവേഗം അധപതനത്തിൻറെ പാതയിൽ നീങ്ങിക്കൊണ്ടിരിക്കുന്ന ജനാധിപത്യ സംവിധാനം എന്നാണ് റിപ്പോർട്ടിലെ പരാമർശം . കഴിഞ്ഞ ആറു വർഷങ്ങളായി നടന്ന സംഭങ്ങൾ ഇതിനു തെളിവാണ് . പ്രത്യേകിച്ചും കഴിഞ്ഞ ഒന്നര വർഷം ജനങ്ങളെ അടിച്ചമർത്തുന്ന സ്വേച്ഛാഭരണത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുകയാണ് .

2019 ലെ ലോകസഭാ തിരഞ്ഞെടുപ്പിന്റെ നടത്തിപ്പ് വോട്ടെണ്ണൽ ഫലപ്രഖ്യാപനം എന്നിവയുടെ രീതിയാണ് മേൽപ്പറഞ്ഞ സംഭവ വികാസങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ആകർഷിച്ചത് . ജോസഫ് സ്റ്റാലിൻ ഇങ്ങനെ പ്രസ്താവിച്ചതായി പറയപ്പെടുന്നു.

''വോട്ട് ചെയ്യുമ്പോൾ പ്രധാന്യം വോട്ടെണ്ണുന്നവർക്കാണ്'' അന്നത്തെ സ്റ്റാലിന്റെ റഷ്യയിൽ അതായിരുന്നു പൊതുവായി അംഗീകരിക്കപ്പെട്ട രീതി. 2019 ലെ ലോക്സഭാ തെരഞ്ഞെടുപ്പിനെപറ്റി ആശങ്കാപരവും അല്ലാത്തതുമായ പല പരാമർശങ്ങളും ഉണ്ടായിരുന്നു.

വർഷങ്ങളായി ഇന്ത്യയിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷത്തിൻെറ അടിസ്ഥാനത്തിൽ മാത്രം ഒരു സ്ഥാനാർഥി ജയിക്കുന്ന വളരെ വികലമായ ഒരു രീതിയാണ് ( first past the post) നടപ്പിലാക്കി വരുന്നത്. തെരഞ്ഞെടുപ്പിൽ ഏകദേശം 25 ശതമാനം വോട്ട് കിട്ടിയ ഒരു രാഷ്ട്രീയ കക്ഷി ലോകസഭയിലെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ അധികാരം തേടുകയും തങ്ങളുടെ തീരുമാനങ്ങൾ മുഴുവൻ ജനങ്ങളിൽ അടിച്ചേൽപ്പിക്കുകയും ചെയ്യുകയാണ്. 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പും നിലവിലുള്ള ലോകസഭയുടെ ഘട്ടങ്ങളും നമുക്കൊന്ന് പരിശോധിക്കാം. ഈ തെരഞ്ഞടുപ്പിൽ മൊത്തം വോട്ടർമാരുടെ എണ്ണം 91.05 കോടിയാണ് , അതിൽ 67.04 ശതമാനം ആളുകൾ വോട്ട് ചെയ്തപ്പോൾ

ആകെ വോട്ട് ചെയ്തവരുടെ എണ്ണം 61.36 കോടിയായി . ഭരണകക്ഷിയായ ബി.ജെ.പിക്ക് പോൾ ചെയ്ത വോട്ടിന്റെ 37.36 ശതമാനം കിട്ടിയപ്പോൾ മൊത്തം ലഭിച്ച വോട്ടിന്റെ എണ്ണം 22.90 കോടിയും സീറ്റുകളുടെ എണ്ണം 303 ഉം ആയി. അനുപാതിക തെരഞ്ഞെടുപ്പ് രീതിയായി നിന്നെങ്കിൽ ബി.ജെ.പിക്ക് ആകെ കിട്ടുകയായിരുന്ന സീറ്റ് 201 മാത്രമായിരിക്കും. ഭൂരിപക്ഷത്തിന്റെ അടുത്ത് പോലും എത്താൻ കഴിയുമായിരുന്നില്ല. രാജ്യത്തിലെ മൊത്തം വോട്ടർമാരുടെ എണ്ണം പരിഗണിക്കുകയാണെങ്കിൽ ബി.ജെ.പിയുടെ ഓഹരി 25.15 ശതമാനം മാത്രമാണ്. അതിന്റെ അർത്ഥം ഇത് ഇന്ത്യ ഭരിക്കുന്ന കക്ഷിക്ക് 2019 ലെ തെരഞ്ഞെടുപ്പിൽ രാജ്യത്തിലെ വോട്ടർമാരുടെ നാലിലൊന്നിന്റെ അംഗീകാരമേ കിട്ടിയിട്ടുള്ളു എന്നാണ്.

ആനുപാതിക ജനാധിപത്യ സങ്കൽപ്പം ഇവിടെ ക്രൂരമായി ബലികഴിപ്പിക്കപ്പെട്ടിരിക്കുന്നു. അതിലും മോശമായ കാര്യം 2019 ലെ ലോകസഭാ തെരഞ്ഞെടുപ്പോടെ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ്. ആരോഗ്യമുള്ള ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുപ്പ് നടത്തിപ്പിലും പ്രക്രിയയിലും പൗരന്മാർ സജീവ താൽപര്യമെടുക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 324 ന് അനുസൃതമായി നിലവിൽ വന്ന ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ ജനാധിപത്യ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്നതിലെ തന്ത്ര സംഘടനകളുമായി സഹകരിച്ചുകൊണ്ടാണ് പലപ്പോഴും പ്രവർത്തിച്ചുവരുന്നത്. അങ്ങനെയുള്ള സംഘടനകൾ ജനങ്ങളുടെ ഉൽകണ്ഠയും ആശങ്കകളും കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യാറുണ്ട്.

തെരഞ്ഞെടുപ്പ് കമ്മീഷൻ 2019 ൽ നടത്തിയ ലോകസഭാ തെരഞ്ഞടുപ്പ് ഗുരുതരമായ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും ഇടവരുത്തിയിട്ടുണ്ട്. പല സംഘടനകളും അനിഷേധ്യമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്തിട്ടുണ്ട്. EV യന്ത്രങ്ങളുടെ കൃത്യതയില്ലായ്മയും തെരഞ്ഞെടുപ്പ് കമ്മീഷന്റെ പക്ഷപാത സമീപനവും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരാൻ നിർബന്ധിതരായ കൂട്ടായ്മകളിൽപ്പെട്ട സംഘടനകളാണ് അസോസിയേഷൻ ഫോർ ഡെമൊക്രാറ്റിക് റിഫോംസ്, മുൻ സർക്കാരുദ്യോഗസ്ഥരുടെ കോൺസ്റ്റിറ്റ്യൂഷൻ കോണ്ടക്റ്റ് ഗ്രൂപ്പ്, ഫോറം ഫോർ ഇലക്ട്രറൽ ഇന്റഗ്രിറ്റി എന്നിവ. നിരവധി രാഷ്ട്രീയ കക്ഷികളും മുഖ്യധാര മാധ്യമങ്ങളും ഡിജിറ്റൽ മാധ്യമ സ്ഥാപനങ്ങളും പൗരസംഘടനകളും മുഖ്യഭരണകക്ഷി നടത്തിയ മാതൃകാപെരുമാറ്റ ചട്ടങ്ങളുടെ ലംഘനവും അതിനെതിരെ നടപടിയെടുക്കാതിരുന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ സമീപനവും സംബന്ധിച്ച് ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. ന്യായമായ വിമർശനങ്ങൾ ഉയർന്നുവന്നപ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷൻ ഭീതിജനകമായ നിശബ്ദത പാലിക്കുകയും മുമ്പ് തെരഞ്ഞെടുപ്പ് ചുമതലകൾ വഹിച്ചവരും മേൽനോട്ടം വഹിച്ചവരുമായ ഉദ്യോസ്ഥർ പ്രകടമായ അപാകതകൾ ചൂണ്ടികാണിച്ചപ്പോൾ തങ്ങൾ ചെയ്ത കാര്യങ്ങളെ ആക്രമണോത്സുകതയോടെ ന്യായീകരിക്കുകയാണ് ചെയ്തത്.

പൊതുജനങ്ങൾ ഗൗരവമുള്ള ആശങ്കകൾ പ്രകടിപ്പിച്ചപ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതികരണം ശത്രുതക്ക് സമാനമായ നിസ്സംഗതയായിരുന്നു. അത്കൊണ്ടാണ് ഞാനും ഏതാനും സഹപ്രവർത്തകരും ഞങ്ങളെപ്പോലെ ഉൽകണ്ഠയുള്ള മറ്റ് പൗരസംഘടനകളുമായി കൂടിയാലോചന നടത്താൻ മുൻകൈയെടുത്തത്. 2019-2020 വർഷങ്ങളിൽ ഫോറം ഫോർ ഇലക്ട്രറൽ ഇന്റഗ്രിറ്റി, പീപ്പിൾ ഫസ്റ്റ്, ഡൽഹി സയൻസ് ഫോറം, കോൺസ്റ്റിറ്റ്യൂഷൻ കോൺക്ട് ഗ്രൂപ്പ്, അമൻ ബിരാദരി ട്രസ്റ്റ്, സെന്റർ ഫോർ ഫിനാൻഷ്യൽ എക്കൗണ്ടബിലിറ്റി എന്നി സംഘങ്ങളുമായി ചേർന്ന് സെമിനാറുകളും പൊതുചർച്ചകളും നടത്തി. അതിൽ ഉയർന്നു വന്ന പൊതു തീരുമാനങ്ങളിൽ ഒന്ന് തെരഞ്ഞെടുപ്പ് പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ വിവിധ വശങ്ങളെക്കുറിച്ച് അറിവും അനുഭവമുള്ള വിദഗ്ദരുടെ സമിതി രൂപീക

രിക്കുക എന്നതാണ്. അങ്ങിനെയാണ് തെരഞ്ഞെടുപ്പിന്റെ നിർണ്ണായക വശങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ സിറ്റി സൻസ് കമ്മീഷൻ ഓൺ ഇലക്ഷൻസ് രൂപീകരിക്കപ്പെട്ടത്. സമിതിയുടെ ചുമത ബന്ധപ്പെട്ട വിഷയങ്ങളിൽ വിദഗ്ദരുടെ ഉപദേശം തേടുകയും തെരഞ്ഞെടുപ്പ് പ്രക്രിയ സത്യസന്ധമായും നീതിപരമായും നടത്താനുതകുന്ന നിർദ്ദേശങ്ങളും കണ്ടെത്തലുകളും മുന്നോട്ട് വെക്കുകയും ചെയ്യുക എന്നതാണ്.

പര്യാലോചനകൾക്കൊടുവിൽ 2020 മാർച്ച് 5 ന് ജനകീയ തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വരികയും തെരഞ്ഞെടുപ്പിന്റെ പ്രത്യേക വിഷയങ്ങളെ / മേഖലകളെകുറിച്ച് പഠനം നടത്തുകയും ചെയ്തു.

**മേഖലകൾ**

1. വോട്ടർ പട്ടികയുടെ കൃത്യതയും സമഗ്രതയും

2.വോട്ടിംഗ് യന്ത്രങ്ങളും (EVM, VVPAT) ജനാധിപത്യ തത്വങ്ങളുമായുള്ള പൊരുത്തം

3. കുറ്റകൃത്യങ്ങൾ, പണത്തിന്റെ ശക്തി, ഇലക്ടറൽ ബോണ്ട്

4. തെരഞ്ഞെടുപ്പിന്റെ സമയം നിശ്ചയിക്കൽ, പ്രക്രിയ, മാതൃകാപരമായ പെരുമാറ്റ ചട്ടങ്ങൾ പാലിക്കൽ

5.മാധ്യമങ്ങളുടെ പങ്ക്, സാമൂഹ്യമാധ്യമങ്ങൾ, വ്യാജ വാർത്ത മുതലായവ

6.തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തന സ്വാതന്ത്ര്യം തെരഞ്ഞെടുപ്പിന് മുമ്പും നടക്കുമ്പോഴും ശേഷവും

2019 ലെ ലോകസഭാ തെരഞ്ഞെടുപ്പിൽ മേൽ പറഞ്ഞ എല്ലാ മേഖലകളിലും ഗുരുതരമായ വീഴ്ചകളാണ് ജനകീയ കമ്മീഷൻ കണ്ടെത്തിയത്. ഇവയെക്കുറിച്ച് മേഖലാ / വിഷയതല റിപ്പോർട്ടുകൾ പല ഘട്ടങ്ങളിലായി പ്രകാശനം ചെയ്യും. ഇതിൽ തെരഞ്ഞടുപ്പിന് സംബന്ധിക്കുന്ന ഏറ്റവും അപകടകരമായ വീഴ്ച കണ്ടെത്തിയത് വോട്ടിംഗ് യന്ത്രങ്ങൾ ജനാധിപത്യ തത്ത്വങ്ങൾ പാലിക്കുന്നതിൽ വരുത്തിയ വീഴ്ചയാണ്. അതുകൊണ്ട് നിർണായകമായ ഈ പ്രശ്നം പൊതുജനങ്ങൾ വിശദമായി ചർച്ച ചെയ്യാൻ വേണ്ടി ഈ വിഷയത്തിന്റെ റിപ്പോർട്ട് ആദ്യം പ്രസിദ്ധീകരിക്കുയാണ്. ഇതിന് നേതൃത്വം നൽകിയത് ഐ.ഐ.ടി ഡൽഹിയിലെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് പ്രൊഫസറായ ഡോക്ടർ സഞ്ജീവ പ്രസാദും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ഡോക്ടർ സുബാശിശ് ബാനർജിയുമാണ്.

ഈ റിപ്പോർട്ടിൽ അന്യത്ര പ്രതിപാദിച്ച ജനാധിപത്യ തത്വങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടാണോ EV യന്ത്രങ്ങൾ പ്രവർത്തിക്കുന്നത്. അല്ലെങ്കിൽ അവ എത്രത്തോളം പാലിക്കപ്പെടുന്നുണ്ട് എന്ന അളവുകോലുപയോഗിച്ചാണ് യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയത്. ചുരുക്കത്തിൽ വോട്ടർമാർക്ക് അവർക്കിഷ്ടമുള്ള സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാൻ സാധിക്കുക, ആ വോട്ട് യന്ത്രത്തിൽ രേഖപ്പെടുത്തുകയും എണ്ണുകയും ചെയ്യുക, അതിൽ തിരിമറി നടക്കാതിരിക്കുക, എല്ലാ നടപടികളും സുതാര്യമായിരിക്കുക എന്നീ കാര്യങ്ങൾക്കുണ്ട് പ്രാധാന്യം നൽകിയത്. തെരഞ്ഞടുപ്പ് പ്രക്രിയ ആർക്കും മനസ്സിലാക്കാനും പരിശോധിക്കാനും സാധിക്കുന്നതും ഏത് സാങ്കേതിക വിദ്യ ഉപയോഗിച്ചാലും എളുപ്പത്തിൽ

ഓഡിറ്റിന് വഴങ്ങുന്നതും ആയിരിക്കണമെന്ന് ജനാധിപത്യ തത്വങ്ങൾ അനുശാസിക്കുന്നു. വോട്ടർ ചെയ്ത വോട്ടിന്റെ കാര്യത്തിൽ തെറ്റ് വരുത്താനോ തെറ്റായി വ്യാഖ്യാനിക്കാനോ ഒരു തരത്തിലുള്ള പഴുതും ഉണ്ടാകാൻ പാടില്ല.

ദേശീയവും അന്തർദേശീയവുമായ വിദഗ്ദരുടെ അഭിപ്രായങ്ങളുടെയും സത്യപ്രസ്താവനകളുടെയും അടിസ്ഥാനത്തിലാണ് വിദഗ്ദസംഘം റിപ്പോർട്ട് തയ്യാറാക്കിയത്. ഏറ്റവും വികസിതമായ രാജ്യങ്ങളിൽ പോലും തെരഞ്ഞെടുപ്പിന് എന്ത്കൊണ്ടാണ് ഇലക്ട്രോണിക് യന്ത്രങ്ങളുപയോഗിക്കാനാണ് എന്നതിന്റെ കാരണങ്ങൾ അവർ വെളിപ്പെടുത്തുന്നുണ്ട് .

മേൽപറഞ്ഞ വിദഗ്ദരുടെ കൂട്ടത്തിൽ ഡൽഹി ഐ.ഐ.ടിയിലെ ഡോക്ടർ സഞ്ജീവ പ്രസാദ്, ഡോക്ടർ സുബാശിശ് ബാനർജി, യു.എസ്.എയിലെ ജോർജ് വാഷിംഗ്ടൺ സർവ്വകലാശാലയിലെ ഭഗീരഥ് സഭഫദി കാൺപൂർ ഐ.ഐ.ടിയിലെ സന്ദീപ് ശുക്ലയും എന്നിവരും ചേർത്താൽ ഈ വിഷയത്തിൽ ഇന്ന് ലോകത്ത് ലഭ്യമായ ഏറഅറവും അറിവും ബുദ്ധിയുമുള്ള സംഘമായി മാറും ഇത്രയും വ്യത്യസ്തവും വിശാലവുമായ അനുഭവമുള്ള സംഘത്തെ വെല്ലുന്ന മറ്റൊരു സംഘത്തെ കണ്ടെത്താൻ സാധിക്കുകയില്ല.

**<u>ഉള്ളടക്കം ചുരുക്കത്തിൽ</u>**

ഭാഗം 1.1 ൽ ഇപ്പോൾ ഉപയോഗിക്കുന്ന EV യന്ത്രത്തിന്റെ സാങ്കേതിക വിദ്യയും രൂപകൽപനയും ഉപയോഗത്തിന്റെ ഓരോ ഘട്ടത്തിലും നടക്കുന്ന പ്രവർത്തനങ്ങളുമാണ് പരിശോധിച്ചത്. ഭാഗം 1.2 ൽ EV യന്ത്രങ്ങൾ ഉപയോഗിക്കുമ്പോൾ രാഷ്ട്രീയ ലക്ഷ്യം നേടാൻ ബോധപൂർവ്വം നടത്തുന്ന കൃത്രിമവും വോട്ട് രേഖപ്പെടുത്തുന്നതിൽ സംഭവിക്കുന്ന തെറ്റുകളെയും സംബന്ധിച്ച് പൊതുജനങ്ങൾ പ്രകടിപ്പിച്ച ആശങ്കളുമാണ് വിശകലനം ചെയ്യുന്നത്. വോട്ടെടുപ്പിന് ശേഷം യന്ത്രങ്ങളുടെ കസ്റ്റഡിയുടെ വിശ്വസ്തത, മറ്റ് പ്രശ്നങ്ങൾ എന്നിവയാണ്. ഭാഗം 2 ൽ പരിശോധിക്കപ്പെടുന്നത്. EVM, VVPAT യന്ത്രങ്ങളുടെ സാങ്കേതിക ശില്പഭദ്രത പരിശോധിക്കാനാണ് റിപ്പോർട്ടിന്റെ കൂടുതൽ സമയവും വൈദഗ്ദ്യവും ഉപയോഗപ്പെടുത്തേണ്ടി വന്നത്. ഇലക്ട്രോമാനറ്റിക് ഉപകരണങ്ങളോ മറ്റ് മാർഗ്ഗങ്ങളോ ഉപയോഗിച്ച് ഹാക്ക് ചെയ്യപ്പെടാനുള്ള സാദ്ധ്യതയിൽ നിന്ന് EV യന്ത്രങ്ങളെ സംരക്ഷിക്കാനുള്ള ഒരു നടപടിയും തെരഞ്ഞെടുപ്പ് കമ്മീഷൻ എടുത്തതായി കാണുന്നില്ല. ഏറ്റവും ആധുനികമായ ഇന്റെൽ പ്രോസസറിന് പോലും ഇത്തരം ഹാക്കിങ്ങിൽ നിന്നും സോഫ്റ്റ് വെയറിനെ സംരക്ഷിക്കാൻ സാധിക്കുകയില്ല എന്നത് വസ്തുതയാണ്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. കാരണം ഏതാനും യന്ത്രങ്ങൾ ഹാക്ക് ചെയ്യപ്പെട്ടാൽ ഇത് ഒരു നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ഫലം തന്നെ മാറ്റിമറിക്കും. അതേപോലെ EV യന്ത്രങ്ങളിലുപയോഗിക്കുന്ന ഒരിക്കൽ മാത്രമേ പ്രോഗ്രാം ചെയ്യപ്പെടാൻ സാധിക്കുകയുള്ളൂ എന്നവകാശപ്പെടുന്ന പ്രൊസസർ ചിപ്പിന്റെ കാര്യത്തിൽ പോലും സംശയം നിലനിൽക്കുന്നു. ഇന്ത്യയിൽ EVM ൽ ഉപയോഗിച്ചുവരുന്ന MKGIFX512VMD12 മൈക്രോ കൺട്രോളർ ഒന്നിലധികം തവണ പ്രോഗ്രാം ചെയ്യപ്പെടാൻ സാധ്യതയുള്ളതാണ്. ഇത് വിതരണം ചെയ്യുന്നത് ഒരു അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയാണ്. ഇത് കൂടുതൽ വിശദമായി പരിശോധിക്കാൻ പൊതുസാങ്കേതിക ഓഡിറ്റ് നടക്കുമ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷൻ EV യന്ത്രത്തിന്റെ മൂലരൂപവും ഡിസൈനും ലഭ്യമാക്കണം. ശ്രദ്ധിക്കപ്പെടേണ്ട ഒരു പ്രധാനകാര്യം കമ്മീഷന്റെ വിദഗ്ദലാർക്കും കമ്പ്യൂട്ടർ സുരക്ഷിതത്വത്തിൽ വൈദഗ്ദ്യമില്ല എന്നതാ

ണ്. അത്കൊണ്ട് ബാഹ്യസ്ഥാപനങ്ങളും ഏജൻസികളും വിശ്വാസത്തിലെടുക്കുകയും തദ്വാര ബോധപൂർവ്വമല്ലെങ്കിലും ഒട്ടും സുരക്ഷിതമല്ലാത്ത ഒരു തെരഞ്ഞെടുപ്പ് സംവിധാനം ഉണ്ടാക്കാൻ ഇടയാക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പ് സമയത്ത് - തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അതിന് മുമ്പും പിമ്പും സൂക്ഷിപ്പ് വോട്ടെണ്ണൽ ഫലപ്രഖ്യാപനം എന്നീ ഘട്ടങ്ങളിൽ EV യന്ത്രങ്ങളുടെ നീക്കം പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടത് അനുവാദമില്ലാതെ യന്ത്രങ്ങൾ പരിശോധിക്കാനും കൃത്രിമം കാട്ടാനും സാധിക്കുന്ന ഇടവേളകൾ നിലനിൽക്കുന്നത് എന്നാണ്.

സമിതിയുടെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത് വോട്ടർമാർ ചെയ്ത വോട്ട് കൃത്യമായി തെരഞ്ഞെടുപ്പ് ഫലങ്ങളിൽ പ്രതിഫലിക്കപ്പെടുന്നുണ്ട് എന്നതിന് ഒരുറപ്പുമില്ല എന്നാണ് ഈ വിഷയത്തിലെ വിദഗ്ദർ പറയുന്നത്. തെറ്റുപറ്റാനും കൃത്രിമം കാട്ടാനുമുള്ള സാധ്യതകളുടെ തോതും വ്യാപ്തിയും കണക്കിലെടുക്കാതെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിലുള്ള അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ എടുക്കണമെന്നാണ് മറ്റൊരുകാര്യം തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലവിലുള്ള ഗുണമേന്മയും പരിശോധനയും പരിശോധനാ യന്ത്രങ്ങളും കൃത്രിമം കാണിക്കാനും തെരഞ്ഞെടുപ്പ് ഫലം വളഞ്ഞ വഴികളിലൂടെ മാറ്റാനുളള സാധ്യത നിരാകരിക്കുന്നില്ല എന്നതാണ്.

പിന്നീടൊരു ഘട്ടത്തിലാണ് EV യന്ത്രങ്ങളുടെ പ്രിന്ററിൽ നിന്ന് പുറത്ത് വരുന്ന സ്ലിപ്പുകൾ നേരിട്ട് കാണാനും പരിശോധിക്കാനുമുള്ള VVPAT സംവിധാനം ഏർപ്പെടുത്തിയത്. സുപ്രീംകോടതി ഈ ഉത്തരവിട്ടത് വോട്ടർമാർക്ക് തങ്ങളുടെ വോട്ട് ശരിയായി രേഖപ്പെടുത്തുന്നുണ്ട് എന്ന് സ്വയം ബോധ്യപ്പെടുന്നതിനുള്ള ഒരധിക ഉപാധിയായിട്ടാണ്. പക്ഷെ സുപ്രീംകോടതിയുടെ വിധിക്ക് നിരക്കുന്നതല്ല ഇപ്പോഴുള്ള വോട്ടെടുപ്പ് പ്രക്രിയ ദുരുപയോഗപ്പെടുത്താവുന്ന വിള്ളലുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട് ഉദാഹരണത്തിന് യന്ത്രത്തിൽ തെളിഞ്ഞു വരുന്ന ട്രെയിൻ ( മിന്നി മായുന്ന ദൃശ്യം) ഏതാനും സെക്കന്റുകൾ കൊണ്ട് മുദ്രവെച്ച പെട്ടിയിലേക്ക് മിന്നി മറയുന്നതിനാൽ വോട്ടർക്ക് അയാളുടെ വോട്ട് പരിശോധിക്കാനുള്ള സാവാകാശം ലഭിക്കുന്നില്ല തെരഞ്ഞെടുപ്പ് കമ്മീഷനാകാട്ടെ യന്ത്രങ്ങളിൽ രേഖപ്പെടുത്തിയ വോട്ടുകളും VVPAT ൽ ലഭ്യമാകുന്ന സ്ലിപ്പുകളിലെ വോട്ടുകളും താരതമ്യം ചെയ്ത് വോട്ടുകൾ കണക്കാക്കാൻ വിമുഖത കാണിക്കുകയാണ് അതിന് അവർ പറയുന്ന കാരണം കൂടുതൽ സമയം വേണ്ടിവരുമെന്നതാണ് യഥാർത്ഥത്തിൽ മുമ്പ് ബാലറ്റുകൾ എണ്ണികണക്കാക്കാനെടുക്കുന്ന സമയത്തെക്കാൾ കുറഞ്ഞ സമയം കൊണ്ട് ഈ രീതിയിൽ വോട്ടെണ്ണി തീർക്കാൻ കഴിയും VVPAT സ്ലിപ്പുകൾ വോട്ടെടുപ്പ് കഴിഞ്ഞ് ഒരു വർഷം സൂക്ഷിച്ചുവെക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും 2019 ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് അധികം വൈകാതെ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ലിപ്പുകൾ നശിപ്പിച്ചു എന്നത് നിലവിലുള്ള വോട്ടെടുപ്പ് സംവിധാനത്തെക്കുറിച്ച് ഗുരുതരമായ ആശങ്കകൾക്കിടയാക്കുന്നത്. അതുകൊണ്ട് യന്ത്രങ്ങളുപയോഗിച്ച് നടത്തുന്ന തെരഞ്ഞെടുപ്പ് ഫലം വീണ്ടും എണ്ണുന്നത് സംബന്ധിച്ച് തെരഞ്ഞടുപ്പ് ചട്ടങ്ങൾ അനുശാസിക്കുന് വ്യവസ്ഥയും VVPAT സ്ലിപ്പുകൾ നിർബന്ധിമായി എണ്ണണമെന്ന വ്യവസ്ഥയും കർശനമായി പാലിക്കപ്പെടണം.

പ്രധാനറിപ്പോർട്ടിലും അതിന്റെ സംക്ഷിപ്തത്തിലും പൊതുജനങ്ങളുടെ മനസ്സിൽ ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സംവിധാനം നീതിപരവും സത്യസന്ധവുമാണോ എന്നതിനെ പറ്റിയുള്ള എല്ലാ ഉൽകണ്ഠകളും ആശങ്കളും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിഗമനങ്ങൾ താഴെ കൊടുക്കുന്നു.

1. നിലവിലുള്ള EV യന്ത്രങ്ങൾ ആദ്യാവസാന പരിശോധനക്ക് വിധേയമല്ലാത്തതിനാൽ അവ ജനാധിപത്യ വോട്ടിംഗിന് അനുയോജ്യമായത്.

2. ഇതുവരെയായി ഒരു EV യന്ത്രവും ഹാക്ക് ചെയ്യപ്പെട്ടിട്ടില്ല എന്നത്

3. പൗരത്വ സംഘടനകളും രാഷ്ട്രീയകക്ഷികളും ആവശ്യപ്പെടുന്നതുപോലെ 30 മുതൽ 50 ശതമാനം വരെ വോട്ടിംഗ് യന്ത്രങ്ങൾ പരിശോധിച്ചാൽ പോര. അതിൽ കൂടുതൽ പരിശോധന നടത്തിയാലെ വിശ്വസനീയമായ ഫലം ലഭിക്കുകയുള്ളൂ.

4. തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നതിന് മുമ്പായി കർശനമായ പ്രീഓഡിറ്റ് നടത്തണം, വിജയിയുടെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ മുഴുവൻ VVPAT സ്ലിപ്പുകളും എണ്ണണം .

5. ഓഡിറ്റ് നടത്താനും പരിശോധന നടത്താനും ഉതകുന്ന രീതിയിലുള്ള സോഫ്റ്റ് വേയറും ഹാർഡ് വേറും സ്വതന്ത്രമായി പ്രവർത്തിക്കുന്ന തരത്തിൽ ഇലക്ട്രോണിക് വോട്ടെടുപ്പിന്റെ ഡിസൈനിൽ മാറ്റം വരുത്തണം.

**ഈ വിഷയത്തിൽ കമ്മീഷന് സത്യപ്രസ്താവന നൽകിയ അന്താരാഷ്ട്രതലത്തിൽ അറിയപ്പെടുന്ന വിദഗ്ദ്ധർ**

റൊണാൾഡ്.എൽ.റിവെസ്റ്റ്- പ്രൊഫസർ, ഇലക്ട്രിക്കൽ എഞ്ചി നീയറിംഗ് & കമ്പ്യൂട്ടർ സയൻസ് , മസാച്ചൂസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കേംബ്രിഡ് ജ് മസാച്ചൂസ്റ്റസ്, യു.എസ്. എ)

ഫിലിപ്.ബി.സ്റ്റാർക് - സ്റ്റാറ്റിക ്സ് പ്രൊഫസർ, കാലിഫോർണിയ സർവ്വകലാശാല, ബാർക് ലി, യു.എസ്.എ (പൂർവി വോറോയൊടൊപ്പം സമർപ്പിച്ച സംയുക്ത പ്രസ്താവന)

ജെ.അലക്സ് ഹാൽഡർമാൻ- പ്രൊഫ സർ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് മിഷിഗൻ സർവ്വകലാശാല, യു. എസ്.എ

നസീർ മേമൻ - കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് ന്യുയോർക്ക് സർവകലാശാല (ബ്രൂക്‌ലിൻ) ന്യൂയോർക്ക്, യു.എസ്.എ

ഡൗഗ്ലസ് ഡബ്ലിയു ജോൺസ്, അസിസ്റ്റന്റ് പ്രൊഫസർ, അയോവ സർവകലാശാല അയോവ, യു.എ സ്.എ

വംനീസാടീഗ് - അസോസിയേറ്റ് പ്രൊഫ സർ, സ്കൂൾ ഓഫ് കമ്പ്യൂട്ടിംഗ് ആന്റ് ഇൻഫർമെഷൻ സിസ്റ്റം മെൽബോൺ സർവകലാശാല, ആസ്ത്രേലിയ

ഭാഗം 1.1 ൽ ഇപ്പോൾ ഉപയോഗിക്കുന്ന EV യന്ത്രത്തിന്റെ സാങ്കേതിക വിദ്യയും രൂപകൽപനയും ഉപയോഗത്തിന്റെ ഓരോ ഘട്ടത്തിലും നടക്കുന്ന പ്രവർത്തനങ്ങളുമാണ് പരിശോധിച്ചത്. ഭാഗം 1.2 ൽ EV യന്ത്രങ്ങൾ ഉപയോഗിക്കുമ്പോൾ രാഷ്ട്രീയ ലക്ഷ്യം നേടാൻ ബോധപൂർവ്വം നടത്തുന്ന കൃത്രിമവും വോട്ട് രേഖപ്പെടുത്തുന്നതിൽ സംഭവിക്കുന്ന തെറ്റുകളെയും സംബന്ധിച്ച് പൊതുജനങ്ങൾ പ്രകടിപ്പിച്ച ആശങ്കളുമാണ് വിശകലനം ചെയ്യുന്നത്. വോട്ടെടുപ്പിന് ശേഷം യന്ത്രങ്ങളുടെ കസ്റ്റഡിയുടെ വിശ്വസ്തത, മറ്റ് പ്രശ്നങ്ങൾ എന്നിവയാണ്. ഭാഗം 2 ൽ പരിശോധിക്കപ്പെടുന്നത്. EVM, VVPAT യന്ത്രങ്ങളുടെ സാങ്കേതിക ശില്പഭദ്രത പരിശോധിക്കാനാണ് റിപ്പോർട്ടിന്റെ കൂടുതൽ സമയവും വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തേണ്ടി വന്നത്. ഇലക്ട്രോമാനറ്റിക് ഉപകരണങ്ങളോ മറ്റ് മാർഗ്ഗങ്ങളോ ഉപയോഗിച്ച് ഹാക്ക് ചെയ്യപ്പെടാനുള്ള സാദ്ധ്യതയിൽ നിന്ന് EV യന്ത്രങ്ങളെ സംരക്ഷിക്കാനുള്ള ഒരു നടപടിയും തെരഞ്ഞെടുപ്പ് കമ്മീഷൻ എടുത്തതായി കാണുന്നില്ല. ഏറ്റവും ആധുനികമായ ഇന്റെൽ പ്രോസസറിന് പോലും ഇത്തരം ഹാക്കിങ്ങിൽ നിന്നും സോഫ്റ്റ് വെയറിനെ സംരക്ഷിക്കാൻ സാധിക്കുകയില്ല എന്നത് വസ്തുതയാണ്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. കാരണം ഏതാനും യന്ത്രങ്ങൾ ഹാക്ക് ചെയ്യപ്പെട്ടാൽ ഇത് ഒരു നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ഫലം തന്നെ മാറ്റിമറിക്കും. അതേപോലെ EV യന്ത്രങ്ങളിലുപയോഗിക്കുന്ന ഒരിക്കൽ മാത്രമേ പ്രോഗ്രാം ചെയ്യപ്പെടാൻ സാധിക്കുകയുള്ളൂ എന്നവകാശപ്പെടുന്ന പ്രൊസസർ ചിപ്പിന്റെ കാര്യത്തിൽ പോലും സംശയം നിലനിൽക്കുന്നു. ഇന്ത്യയിൽ EVM ൽ ഉപയോഗിച്ചുവരുന്ന MKGIFX512VMD12 മൈക്രോ കൺട്രോളർ ഒന്നിലധികം തവണ പ്രോഗ്രാം ചെയ്യപ്പെടാൻ സാധ്യതയുള്ളതാണ്. ഇത് വിതരണം ചെയ്യുന്നത് ഒരു അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയാണ്. ഇത് കൂടുതൽ വിശദമായി പരിശോധിക്കാൻ പൊതു സാങ്കേതിക ഓഡിറ്റ് നടക്കുമ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷൻ EV യന്ത്രത്തിന്റെ മൂലരൂപവും ഡിസൈനും ലഭ്യമാക്കണം. ശ്രദ്ധിക്കപ്പെടേണ്ട ഒരു പ്രധാനകാര്യം കമ്മീഷന്റെ വിദഗ്ദലാർക്കും കമ്പ്യൂട്ടർ സുരക്ഷിതത്വത്തിൽ വൈദഗ്ദ്ധ്യമില്ല എന്നതാണ്. അത്കൊണ്ട് ബാഹ്യസ്ഥാപനങ്ങളും ഏജൻസികളും വിശ്വാസത്തിലെടുക്കുകയും തദ്വാര ബോധപൂർവ്വമല്ലെങ്കിലും ഒട്ടും സുരക്ഷിതമല്ലാത്ത ഒരു തെരഞ്ഞെടുപ്പ് സംവിധാനം ഉണ്ടാക്കാൻ ഇടയാക്കുകയും ചെയ്തു.

തെരഞ്ഞെടുപ്പ് സമയത്ത് - തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അതിന് മുമ്പും പിമ്പും സൂക്ഷിപ്പ് വോട്ടെണ്ണൽ ഫലപ്രഖ്യാപനം എന്നീ ഘട്ടങ്ങളിൽ EV യന്ത്രങ്ങളുടെ നീക്കം പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടത് അനുവാദമില്ലാതെ യന്ത്രങ്ങൾ പരിശോധിക്കാനും കൃത്രിമം കാട്ടാനും സാധിക്കുന്ന ഇടവേളകൾ നിലനിൽക്കുന്നത് എന്നാണ്.

സമിതിയുടെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത് വോട്ടർമാർ ചെയ്ത വോട്ട് കൃത്യമായി തെരഞ്ഞെടുപ്പ് ഫലങ്ങളിൽ പ്രതിഫലിക്കപ്പെടുന്നുണ്ട് എന്നതിന് ഒരുറപ്പുമില്ല എന്നാണ് ഈ വിഷയത്തിലെ വിദഗ്ദർ പറയുന്നത്. തെറ്റുപറ്റാനും കൃത്രിമം കാട്ടാനുമുള്ള സാധ്യതകളുടെ തോതും വ്യാപ്തിയും കണക്കിലെടുക്കാതെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിലുള്ള അപാകതകൾ പരിഹരിക്കാൻ അടിയന്തിര നടപടികൾ എടുക്കണമെന്നാണ് മറ്റൊരുകാര്യം തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലവിലുള്ള ഗുണമേന്മയും പരിശോധനയും പരിശോധനാ യന്ത്രങ്ങളും കൃത്രിമം കാണിക്കാനും തെരഞ്ഞെടുപ്പ് ഫലം വളഞ്ഞ വഴികളിലൂടെ മാറ്റാനുളള സാധ്യത നിരാകരിക്കുന്നില്ല എന്നതാണ്.

പിന്നീടൊരു ഘട്ടത്തിലാണ് EV യന്ത്രങ്ങളുടെ പ്രിന്ററിൽ നിന്ന് പുറത്ത് വരുന്ന സ്ലിപ്പുകൾ നേരിട്ട് കാണാനും പരിശോധിക്കാനുമുള്ള VVPAT സംവിധാനം ഏർപ്പെടുത്തിയത്. സുപ്രീംകോടതി ഈ ഉത്തരവിട്ടത് വോട്ടർമാർക്ക് തങ്ങളുടെ

വോട്ട് ശരിയായി രേഖപ്പെടുത്തുന്നുണ്ട് എന്ന് സ്വയം ബോധ്യപ്പെടുന്നതിനുള്ള ഒരധിക ഉപാധിയായിട്ടാണ്. പക്ഷെ സുപ്രീം കോടതിയുടെ വിധിക്ക് നിരക്കുന്നതല്ല ഇപ്പോഴുള്ള വോട്ടെടുപ്പ് പ്രക്രിയ ദുരുപയോഗപ്പെടുത്താവുന്ന വിള്ളലുകൾ ഇപ്പോഴും അവശേഷിക്കുന്നുണ്ട് ഉദാഹരണത്തിന് യന്ത്രത്തിൽ തെളിഞ്ഞു വരുന്ന ട്രെയിൻ ( മിന്നിമായുന്ന ദൃശ്യം) ഏതാനും സെക്കന്റുകൾ കൊണ്ട് മുദ്രവെച്ച പെട്ടിയിലേക്ക് മിന്നി മറയുന്നതിനാൽ വോട്ടർക്ക് അയാളുടെ വോട്ട് പരിശോധിക്കാനുള്ള സാവാകാശം ലഭിക്കുന്നില്ല തെരഞ്ഞെടുപ്പ് കമ്മീഷനാകട്ടെ യന്ത്രങ്ങളിൽ രേഖപ്പെടുത്തിയ വോട്ടുകളും VVPAT ൽ ലഭ്യ മാകുന്ന സ്ലിപ്പുകളിലെ വോട്ടുകളും താരതമ്യം ചെയ്ത് വോട്ടുകൾ കണക്കാക്കാൻ വിമുഖത കാണിക്കുകയാണ് അതിന് അവർ പറയുന്ന കാരണം കൂടുതൽ സമയം വേണ്ടിവരുമെന്നതാണ് യഥാർത്ഥത്തിൽ മുമ്പ് ബാലറ്റുകൾ എണ്ണികണക്കാക്കാ നെടുക്കുന്ന സമയത്തെക്കാൾ കുറഞ്ഞ സമയം കൊണ്ട് ഈ രീതിയിൽ വോട്ടെണ്ണി തീർക്കാൻ കഴിയും VVPAT സ്ലിപ്പു കൾ വോട്ടെടുപ്പ് കഴിഞ്ഞ് ഒരു വർഷം സൂക്ഷിച്ചുവെക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും 2019 ലെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് അധികം വൈകാതെ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ലിപ്പുകൾ നശിപ്പിച്ചു എന്നത് നിലവിലുള്ള വോട്ടെടുപ്പ് സംവിധാനത്തെ ക്കുറിച്ച് ഗുരുതരമായ ആശങ്കകൾക്കിടയാക്കുന്നത്. അതുകൊണ്ട് യന്ത്രങ്ങളുപയോഗിച്ച് നടത്തുന്ന തെരഞ്ഞെടുപ്പ് ഫലം വീണ്ടും എണ്ണുന്നത് സംബന്ധിച്ച് തെരഞ്ഞടുപ്പ് ചട്ടങ്ങൾ അനുശാസിക്കുന് വ്യവസ്ഥയും VVPAT സ്ലിപ്പുകൾ നിർബന്ധി മായി എണ്ണണമെന്ന വ്യവസ്ഥയും കർശനമായി പാലിക്കപ്പെടണം. അതിനാവശ്യമായ സമയം തെരഞ്ഞെടുപ്പ് സുഗമമായി നട ത്തുന്നതിന് തടസ്സമാണെന്ന് കരുതാൻ പാടില്ല.

**തെരഞ്ഞെടുപ്പിനെക്കുറിച്ച് പഠിക്കുന്ന ജനകീയ കമ്മീഷൻ വിദഗ്ദരുടെ പ്രധാന ആശങ്കളും ശുപാർശകളും**

1. തുടക്കം മുതൽ ഒടുക്കം വരെയുള്ള പരിശോധന സാധ്യത മുൻകൂട്ടി തീരുമാനിച്ചതും രൂപപ്പെടുത്തിയതുമായ പരിശോധനരീതി EV യന്ത്രങ്ങളുടെ കൃത്യത ഉറപ്പ് വരുത്താൻ പര്യാപ്തമല്ല. നിലവിലുള്ള വോട്ടെടുപ്പ് യന്ത്രങ്ങൾ പരിശോ ധന വിധേയമല്ലാത്തതിനാൽ അവ ജനാധിപത്യ വോട്ടെടുപ്പ് യന്ത്രങ്ങൾ പരിശോധനാ വിധേയമല്ലാത്തതിനാൽ അവ ജനാധി പത്യ വോട്ടെടുപ്പ് പ്രക്രിയക്ക് അനുയോജ്യമല്ല. ഹാർഡ് വേയറും സോഫ്റ്റ് വേയറും സ്വതന്ത്രമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ആദ്യാവസാനം തടസ്സമില്ലാത്ത പ്രവർത്തനം ഗ്യാരന്റി ചെയ്യുന്ന പരിശോധനാ രീതി നടപ്പിലാക്കണം. അപ്പോൾ കൃത്രിമമായി വോട്ട് ചേർക്കാൻ സാധിക്കുകയില്ല എന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു പ്രസ്താവനയിലൂടെ ജന ങ്ങളെ അറിയിക്കണം.

2. EV യന്ത്രങ്ങളുടെ കൃത്യത തെളിയിക്കപ്പെടാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ അത് ഹാക്ക് ചെയ്യപ്പെടാൻ സാധ്യതയുണ്ടോ ഇല്ലയോ എന്ന് പറയാനാവില്ല. ഇന്ന് വരെ ഒരു യന്ത്രവും ഹാക്ക് ചെയ്യപ്പെട്ടിട്ടില്ല എന്നത് ഇനി അങ്ങിനെ സംഭവിക്കുകയില്ല എന്നതിന് തെളിവല്ല. അത് കൊണ്ട് യന്ത്രങ്ങളിൽ കൃത്രിമം കാട്ടാൻ സാധ്യതയുണ്ട് എന്ന ധാരണയോടെ വേണം തെരഞ്ഞെടുപ്പ് നടത്താൻ.

3. തെരഞ്ഞെടുപ്പിന് ശേഷം EV യന്ത്രങ്ങളിൽ രേഖപ്പെടുത്തിയ വോട്ടിനോടൊപ്പം VVPAT സ്ലിപ്പുകൾ കൈകൊണ്ട് എണ്ണികണക്കാക്കുന്ന വോട്ടും പരിശോധിക്കാവുന്ന ഓഡിറ്റ് നടക്കണം. ഇഞ്ചോടിഞ്ച് മത്സരം നടക്കുന്ന നിയോജകമണ്ഡലങ്ങളിൽ ഏതാനും യന്ത്രങ്ങളിൽ കൃത്രിമം നടത്തിയാൽ തന്നെ വോട്ടെടുപ്പ് ഫലത്തിൽ മാറ്റം വരും.

അത്കൊണ്ട് പൗരസംഘടനകളും രാഷ്ട്രീയ കക്ഷികളും ആവശ്യപ്പെടുന്നത് പോലെ 30 മുതൽ 40 ശതമാനം വരെ യന്ത്ര ങ്ങളിലെ വോട്ട് മാത്രം ഓഡിറ്റ് ചെയ്താൽ പോരാ, അതിൽ കൂടുതൽ ഓഡിറ്റ് ചെയ്താലോ തെരഞ്ഞടുപ്പ് ഫലം കൃത്യവും വിശ്വസനീയവുമാവുകയുള്ളൂ.

4. വോട്ടെടുപ്പിന് ശേഷം വോട്ടെണ്ണലും ഓഡിറ്റും പൂർത്തിയാക്കു ന്നത് വരെ EVM, VVPAT യന്ത്രങ്ങൾ ആർക്കും പരിശോധിക്കാൻ അവസരം നൽകണം. പ്രത്യേകിച്ച് സ്ഥാനാർത്ഥി കൾക്ക് അവ സരമുണ്ടാകണം. അല്ലാതെ പര സ്പരവിശ്വാസത്തിന്റെ അടിസ്ഥാത്തിൽ മാത്രമായി ഫലപ്രഖ്യാപനം നടത്തുന്നത് ശരിയല്ല.

ജനകീയ തെരഞ്ഞെടുപ്പ് കമ്മീഷൻ ജനങ്ങളോട് ആവശ്യപ്പെടുന്നത് രാജ്യത്തിന്റെ ജനാധിപത്യ അടിത്തറ ശക്തിപ്പെടുത്താനുള്ള ഉപാധിയായി തെരഞ്ഞെടുപ്പിനെ കണ്ട് ഓരുരുത്തരും അവരോട് വോട്ട് ചെയ്യുക എന്ന ഉത്തരവാ ദിത്തം നിറവേറ്റണമെന്നാണ്. ഈ ഉദ്ദേശ്യം നേടാനാണ് അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ആസന്നമായ നിർണ്ണായക ഘട്ടത്തിൽ ഈ റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നത്.

**ഉപസംഹാരം**

വോട്ടെടുപ്പിന് ശേഷമുള്ള നടപടികൾ, അവസാനും ആദ്യവുമായ വോട്ട് ചെയ്യൽ. അതിന്റെ കൂടെ പണാധിപത്യവും മസ്വാധീനവും ചേരുമ്പോൾ സൃഷ്ടിക്കപ്പെടുന്നത് സമ്പന്നർ അധികാരം കൈക്കൊള്ളുന്ന സ്വേച്ഛാധിപത്യപരമായ നിഗൂഡത യുള്ള ഒരു ഭരണസംവിധാനമാണ്. 2019 ലെ തെരഞ്ഞെടുപ്പോടെ നിലവിൽ സർക്കാരിന്റെ പ്രവർത്തന ശൈലിയിലും, നയ രൂപീകരണത്തിലും ജനഎതിർപ്പുകളോടും പ്രക്ഷോഭങ്ങളോടുമുള്ള പ്രതികരണത്തിലും ഈ പ്രവണത പ്രകടമാക്കുന്നത് നാം കണ്ടറിഞ്ഞു.

ജനാധിപത്യ വ്യവസ്ഥ ഉറപ്പു വരുത്താൻ ഇന്ത്യൻഭരണഘടന പല ഉന്നത സ്ഥാപനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

- നീതിപൂർവ്വവും സ്വതന്ത്രവുമായ തെരഞ്ഞെടുപ്പ് നടത്താൻ തെരഞ്ഞെടുപ്പ് കമ്മീഷൻ
- നിയമങ്ങളുടെയും ചട്ടങ്ങളുടെയും പിൻബലത്തോടെ തെരഞ്ഞെടുപ്പിന് സഹായമൊരുക്കാൻ സർക്കാർ
- നിയമങ്ങൾ നിർമ്മിക്കാൻ പാർലമെന്റ്
- മേൽനോട്ടം നടത്തി ജനാധിപത്യ തത്വങ്ങൾ സംരക്ഷിക്കാൻ സുപ്രീംകോടതി
- സർക്കാർ സംവിധാനം പ്രവർത്തനക്ഷമമാക്കാൻ പ്രസിഡണ്ട്

ഈ സംവിധാനങ്ങളെല്ലാം ജനാധിപത്യ സംരക്ഷണത്തിൽ പരാജയപ്പെട്ടിരിക്കുന്നു. ഏകാധിപത്യതത്തിലേക്കും സ്വേചരാധിപത്യത്തിലേക്കും കുതിക്കുന്ന വികലവും പരാജയപ്പെടുന്നതുമായ ജനാധിപത്യ രാജ്യമായി ഇന്ത്യയെ കണ്ടാൽ അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. രാജ്യത്തിന്റെ അമൂല്യമായ ജനാധിപത്യം സംരക്ഷിക്കാൻ അതിന്റെ യഥാർത്ഥ അധികാരി

കളായ നമ്മൾ ജനങ്ങൾ ഉണരേണ്ട സമയമായിരിക്കുന്നു. അത് സംഭവിക്കണമെങ്കിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനരീതിയും തെരഞ്ഞെടുപ്പ് പ്രക്രിയ എന്നിവയെപ്പറ്റി ജനങ്ങൾക്ക് അറിവ് നൽകണം.

ജനകീയ തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതൊക്കെയാണ് ചെയ്തത്. ഈ റിപ്പോർട്ട് ചർച്ചക്കും പരിഗണനക്കും വാദപ്രതിവാദത്തിനുമായി ഇന്ത്യൻ ജനത മുമ്പാകെ സമർപ്പിക്കുന്നു. ഇതിന്റെ ഫലമായി കുറ്റമറ്റ ഒരു തെരഞ്ഞെടുപ്പ് സംവിധാനം ഉടലെടുക്കുമെന്നും അത് ഇന്ത്യയെ ഒരു ആരോഗ്യകരമായ ചലനാക്തമായ ജനാദിപത്യ സംവിധാനമാക്കി മാറ്റുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കുറിപ്പ് - ജനകീയ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരണത്തിന്റെ സാഹചര്യം, പശ്ചാത്തലം, പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദവും സമഗ്രവുമായ വിവരണം അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

എം.ജി ദേവസഹായ ഇന്ത്യൻ ആർമിയിലും അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലും ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ തെരഞ്ഞടുപ്പിനെക്കുറിച്ച് പഠിക്കുന്ന ജനകീയ കമ്മീഷന്റെ കോർഡിനേറ്ററും ഫോറം ഫോർ ഇലക്ടറൽ ഇന്റഗ്രിറ്റിയുടെ കൺവീനറും കോൺസ്റ്റിറ്റ്യൂഷൻ കോണ്ടക്ട് ഗ്രൂപ്പിന്റെ അംഗവും പീപ്പിൾ ഫസ്റ്റിന്റെ ചെയർമാനുമാണ്.

XXXXXXXXXXXXXXXXXX